# ഗാർഹിക അന്വേഷണ റിപ്പോർട്ട്
KSCB/HR/353 Domestic Enquiry/2024-2025

## ഗാർഹിക അന്വേഷണ ഉദ്യോഗസ്ഥൻ
അഡ്വക്കേറ്റ്.ദിലീപ്. വി. എൽ
ചേമ്പർ നമ്പർ : 203
പാലമൂട് ചേമ്പേഴ്സ്,
ഡ്രീം ടവർ, സബ്.ട്രഷറിക്ക് എതിർവശം
ആറ്റിങ്ങൽ- 695104

## കുറ്റാരോപിതർ
പ്രബീഷ്. പി. കെ

## പ്രസന്റിംഗ് ഓഫീസർ
ശ്രീമതി.സ്മിത.കെ.വി
സീനിയർ മാനേജർ,
കോ.ബാങ്ക് ടവർ ,HR Department
ഹെഡ് ഓഫീസ്, തിരുവനന്തപുരം

**Submitted On : 05-11-2024**

# സംഗ്രഹം

| Sl.No | Particulars |
|---|---|
| I. | ഗാർഹിക അന്വേഷണ റിപ്പോർട്ട് |
| II | നടപടിക്രമം |
| III. | മൊഴികൾ-തെളിവ് വിശകലനം |
| IV | കുറ്റപത്രം |
| V | തീർപ്പ് |
| VI | അനുബന്ധം -എ |

അഡ്വക്കേറ്റ്
ദിലീപ്. വി. എൽ
ഡൊമസ്റ്റിക് എൻക്വയറി ഓഫീസർ
കേരളബാങ്ക്

# ഗാർഹിക അന്വേഷണ റിപ്പോർട്ട്
## KSCB/HR/353 Domestic Enquiry/2024-2025

**ഗാർഹിക അന്വേഷണ ഉദ്യോഗസ്ഥൻ**

അഡ്വക്കേറ്റ്.ദിലീപ്. വി. എൽ
ചേമ്പർ നമ്പർ : 203
പാലമൂട് ചേമ്പേഴ്സ്,
ഡ്രീം ടവർ, സബ്.ട്രഷറിക്ക് എതിർവശം
ആറ്റിങ്ങൽ

**കുറ്റാരോപിതർ**

പ്രബീഷ്. പി. പാർട്ട് ടൈം സ്വീപ്പർ
കേരളസ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്ക്,
കോഴിക്കോട് ബ്രാഞ്ച്

**പ്രസന്റിംഗ് ഓഫീസർ**

ശ്രീമതി.സ്മിത. കെ.വി
സീനിയർ മാനേജർ
കോ.ബാങ്ക് ടവർ, HR Department
ഹെഡ് ഓഫീസ്, തിരുവനന്തപുരം

എന്നെ ഗാർഹിക അന്വേഷണ ഓഫീസറായി കേരളബാങ്കിൽ നിന്നും KSCB/HR/353 Domestic Enquiry/2024-2025-ാം നമ്പർ കത്തു പ്രകാരം നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതനും, മാനേജ്മെന്റ് ഭാഗത്തിനും നോട്ടീസ് നൽകികൊണ്ട് എൻക്വയറി നടപടികൾ ആരംഭിച്ചു. തിരുവനന്തപുരം കോ-ബാങ്ക് ടവറിലുള്ള കേരളബാങ്കിന്റെ ഹെഡ് ഓഫീസിൽ വച്ചാണ് എൻക്വയറി നടപടികൾ നടത്തിയിട്ടുള്ളത്. എൻക്വയറിയിലെ ആദ്യവിചാരണ 29/08/2024 തീയതി നടന്നു. എൻക്വയറി മാനേജ്മെന്റ് ഭാഗത്ത് നിന്നും പ്രസന്റിംഗ് ഓഫീസറായി ശ്രീമതി.സ്മിത.കെ.വിയെ നിയമിച്ച് ഉത്തരവുണ്ടായി, കുറ്റാരോപിതന് രജിസ്റ്റേഡ് ആയി നോട്ടീസ് അയ്ക്കുകയും ടിയാൻ ആയത് കൈപ്പറ്റിയതുമാണ്, എന്നാൽ ടിയാൻ എൻക്വയറിക്ക് ഹാജരായില്ല .എൻക്വ

യറിക്ക് ഹാജരാകാൻ കഴിയാത്ത കാരണം കുറ്റാരോപിതൻ അിറയിച്ചിട്ടില്ല. പ്രിസന്റിംഗ് ഓഫീസർ ഹാജരായി കുറ്റാരോപിതന് വീണ്ടും നോട്ടീസ് അയക്കാൻ തീരുമാനിച്ചു. അടുത്ത എൻക്വയറി 03/09/2024 ന് തീരുമാനിച്ചു. കുറ്റാരോപിതന് എൻക്വയറിക്ക് രജിസ്ട്രേഡ് നോട്ടീസ് അയച്ചു. കുറ്റാരോപിതൻ എൻക്വയറിക്ക് ഹാജരായില്ല. എൻക്വയറിക്ക് ഹാജരാകാൻ കഴിയാത്ത കാരണം കുറ്റാരോപിതൻ അിറയിച്ചിട്ടില്ല , പ്രിസന്റിംഗ് ഓഫീസർ ഹാജരായി തുടർന്ന് 19/09/2024 കുറ്റാരോപിതന് എൻക്വയറിക്ക് രജിസ്ട്രേഡ് നോട്ടീസ് അയച്ചു. കുറ്റാരോപിതൻ എൻക്വയറിക്ക് ഹാജരായില്ല. എൻക്വയറിക്ക് ഹാജരാകാൻ കഴിയാത്ത കാരണം കുറ്റാരോപിതൻ അിറയിച്ചിട്ടില്ല. പ്രിസന്റിംഗ് ഓഫീസർ ഹാജരായി , മാനേജ്മെന്റ് ഭാഗത്തു നിന്നും സാക്ഷി പട്ടികയും രേഖകളും ഹാജരാക്കി. അടുത്ത എൻക്വയറി 30/09/2024 ന് തീരുമാനിച്ചു. കുറ്റാരോപിതന് എൻക്വയറിക്ക് രജിസ്ട്രേഡ് നോട്ടീസ്,സാക്ഷി പട്ടിക ,രേഖകൾ എന്നിവ രജിസ്ട്രേഡ് പോസ്റ്റിൽ അയച്ചു. കുറ്റാരോപിതൻ എൻക്വയറിക്ക് ഹാജരായില്ല. എൻക്വയറിക്ക് ഹാജരാകാൻ കഴിയാത്ത കാരണം കുറ്റാരോപിതൻ അിറയിച്ചിട്ടില്ല , പ്രിസന്റിംഗ് ഓഫീസർ ഹാജരായി മാനേജ്മെന്റ് ഭാഗം സാക്ഷി നേരിട്ട് ഹാജരാകാൻ കഴിയാത്തതിനാൽ ഓൺലൈനിൽ എൻക്വയറി നടത്തുവാൻ അപേക്ഷ സമർപ്പിച്ചു. ആയത് അംഗീകരിച്ച് ഓൺലൈനിൻ ഗൂഗിൾ മീറ്റ് വഴി എൻക്വയറി ആരംഭിച്ചു. (ലിങ്ക് Oiv –jbja –oeb) ശ്രീമതി. ബിനു.എൽ. പി (Mw1) ന്റെ മൊഴി രേഖപ്പെടുത്തി മാനേജ്മെന്റ് ഭാഗത്തുനിന്നും ഹാജരാക്കിയ രേഖകൾ Ext M1 to Ext M4 ആയി അക്കമിട്ട് തെളിവിൽ സ്വീകരിച്ചു.

കുറ്റാരോപിതൻ നിരന്തരമായി ഹാജരാകാതിരുന്നതിനാലും ബാങ്ക് ഭാഗം സാക്ഷി മൊഴിയുടെ അടിസ്ഥാനത്തിൽ എൻക്വയറി പൂർത്തിയാക്കി.

## കുറ്റാരോപിതനെതിരായ മെമ്മോറാണ്ടം ഓഫ് ചാർജ്ജുസ് ഇപ്രകാരമാണ്.

## കുറ്റപത്രം

1. ബാങ്കിന്റെ കോഴിക്കോട് റീജിയണൽ ഓഫീസിൽ പാർട്ട്ടൈം സ്വീപ്പറായി ജോലി ചെയ്തിരുന്ന ശ്രീ. പ്രബീഷ്. പി.കെ (ID No. 05184) എന്ന താങ്കൾ നിയമാനുസരണം അവധി അപേക്ഷ മുൻകൂറായി സമർപ്പിച്ച് ബാങ്കിന്റെ അനുമതി വാങ്ങാതെ 23.02.2022 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാത്ത താകുന്നു. താങ്കളുടെ പ്രവർത്തി ബാങ്ക് സ്റ്റാഫ് റെഗുലേഷ നിലെ ലീവ് റൂളുകളുടെ ലംഘനമാണ്.
2. 23.02.2022 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതെ തുടരുന്ന താങ്കൾക്ക് 23.03.2022-ൽ ബാങ്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നുവെങ്കിലും ടി നോട്ടീസിന് നാളിതു വരെ താങ്കൾ മറുപടി സമർപ്പിച്ചില്ല.
3. കേരള സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരൻ എന്ന നില യിൽ സ്റ്റാഫ് റെഗുലേഷന് വിരുദ്ധമായി പ്രവർത്തിച്ച് താങ്കൾ ഗുരുതരമായ അച്ചടക്ക ലംഘനം നടത്തിയിരിക്കുന്നു.

## സാക്ഷി മൊഴി

### ശ്രീമതി. ബിനു എൽ.പി.( MW1)

ഞാൻ ഇപ്പോൾ ഡെപ്യൂട്ടി ജനറൽ മാനേജർ കോഴിക്കോട് റീജ ണിൽ ജോലിചെയ്ത് വരുന്നു. ഈ എൻക്വയറിയിലെ കുറ്റാരോപി തനായ പ്രബീഷിനെ അറിയാം 23/03/2022 തീയതി അന്നത്തെ ഡെപ്യൂട്ടി ജനറൽ മാനേജർ റീന. കെ.എം. കുറ്റാരോപിതന് നൽകിയ മെമ്മോയാണ് എന്നെ കാണിച്ചത്. ആയതിന് കുറ്റാരോപിതൻ മറുപടി നൽകിയിട്ടില്ല.(Ext M1) 11/07/2010-ൽ ജി.എം. അജയകുമാർ കുറ്റാരോ പിതന് നൽകിയ കത്താണ് എന്നെ കാണിച്ചത്. ആയതിന് കുറ്റാരോ പിതൻ മറുപടി നൽകിയിട്ടില്ല. (Ext M2) 21/05/2024 -ൽ കുറ്റാരോപിതന് നൽകിയ മെമ്മോയാണ്. എന്നെ കാണിച്ചത് ആയതിൻ പ്രകാരം ബാങ്ക് സ്റ്റാഫ് റെഗുലേഷൻ ക്ലോസ് 7,44(d) 44 (C), 44 (b), എന്നിവയുടെ ലംഘനം നടത്തിയതായും 55(1), 55(1)( g ), എന്നിവ പ്രകാരം ഗുരുതര മായ പെരുമാറ്റ ദൂഷ്യവും നടത്തിയതാണ്. (Marked as Ext M3) 21/05/2024 -ാം തീയതി നൽകിയ കുറ്റാരോപണ പത്രികയാണ് എന്നെ കാണിച്ച

ത്. ആയതിന് ഒന്നും കുറ്റാരോപിതൻ മറുപടി നൽകിയിട്ടില്ലാത്തതും Ext M4 ടിയാൻ തർക്കം ഉന്നയിച്ചിട്ടില്ലാത്തതുമാണ്. ടിയാൻ ടി കുറ്റങ്ങൽ ചെയ്തതായി കണക്കാക്കാവുന്നതാണ്. (Ext M1to Ext M4 document marked. )

## പ്രസ്തുത ചാർജ്ജ് 1,2,3 സംബന്ധിച്ച് അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീ. പ്രബീഷിനെതിരെയിള്ള ചാർജ്ജ് 1,2,3,_പറയുന്ന കുറ്റങ്ങൾ ,കേരള സഹകരണ ബാങ്കിലെ ജിവനക്കാരൻ എന്ന നിലയിൽ അത്യതികം ഗൗരവതരമായ കൃത്യ വിലോപവും , ചട്ടലംഘനവും ബാങ്കിന്റെ സ്റ്റാഫ് റെഗുലേഷൻ പ്രകാരം ഗുരുതരമായ പെരുമാറ്റ ദൂഷ്യവുമാണ്. അനധികൃതമായി ജോലിക്ക് ഹാജരാകാതെയിരിക്കുക വഴി കുറ്റാരോപിതൻ ബാങ്ക് സ്റ്റാഫ് റെഗുലേഷൻ Clause, 7, Clause 44 (d), 44 © , 44 (h) എന്നിവയുടെ ലംഘനവും Clause,55(1) (f) 55 (1) (g), എന്നിവ പ്രകാരം ഗുരുതരമായ പെരുമാറ്റദൂഷ്യം നടത്തിയിരിക്കുന്നു. കുറ്റാരോപിതൻ 29/08/2024 ,03/09/2024,19/09/2024, 30/09/2024 എന്നീ തീയതികളിൽ നടന്ന എൻക്വയറിക്ക് അിറയിപ്പ് നൽകിയിട്ടും ടിയാൻ ഹാജരാകാതിരിക്കുകയും ഹാജരാകാതിരിക്കുന്നതിനുള്ള കാരണം ബോധിപ്പിച്ചിട്ടില്ലാത്തതുമാണ്. കുറ്റാരോപിതൻ ബാങ്ക് ഭാഗം കുറ്റപത്രത്തിലെ കുറ്റങ്ങൾക്ക് തർക്കങ്ങൾ ഉന്നയിച്ചിട്ടില്ലാത്തതും ആയതിനാൽ ടി കുറ്റപത്രത്തിലെ ചാർജ്ജ് 1,2,3, എന്നിവ കുറ്റാരോപിതനായ ശ്രീ.പ്രബീഷിനെതിരെ തെളിഞ്ഞിട്ടുള്ളതാകുന്നു.

## V തീർപ്പ്

1.ശ്രീ.പ്രബീഷിനെതിരെയുള്ള കുറ്റപത്രം

| | | |
|---|---|---|
| ചാർജ്ജ് - | 1 | തെളിഞ്ഞിട്ടുണ്ട് |
| ചാർജ്ജ് - | 2 | തെളിഞ്ഞിട്ടുണ്ട് |
| ചാർജ്ജ് - | 3 | തെളിഞ്ഞിട്ടുണ്ട് |

അഡ്വക്കേറ്റ്
ദിലീപ്. വി. എൽ
ഡൊമസ്റ്റിക് എൻക്വയറി ഓഫീസർ
കേരളബാങ്ക്

Dream
Sub Trea



VI അനുബന്ധം.എ

1) കേരള ബാങ്കിന് വേണ്ടി ഹാജരായ സാക്ഷി :

1. MW 1 - ശ്രീമതി. ബിനു എൽ.പി.

2. കുറ്റാരോപിതൻ ഹാജരായില്ല

2) കേരളബാങ്കിന് വേണ്ടി ഹാജരാക്കിയ രേഖകൾ :

1. Ext M 1 - 23-03-2022 ലെ കുറ്റാരോപിതന് നൽകിയ മെമ്മോ
2. Ext M 2 - 11/07/2019 ലെ മെമ്മോ
3. Ext M 3 - 21/05/2024 ലെ മെമ്മോ
4. Ext M 4 - 21/05/2024 കുറ്റാരോപണ പത്രിക

തിരുവനന്തപുരം
05/11/2024

അഡ്വക്കേറ്റ്
ദിലീപ്. വി. എൽ
ഡൊമസ്റ്റിക് എൻക്വയറി ഓഫീസർ
കേരളബാങ്ക്